"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ജി.ജി. ഹോസ്പിറ്റിൽ - കുമാരപുരം - പൂന്തി - അണമുഖം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.329/2009 നമ്പർ കേസിലെ ബാലൻസ് തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.778/2026/LSGD** **തീയതി, തിരുവനന്തപുരം, 16-03-2026**

പരാമർശം:- 1. സ.ഉ.(സാധാ)നം.1124/2018/റവ തീയതി 27/03/2018.

2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 04/12/2024 തീയതിയിലെ കെ10-47931/13 നമ്പർ കത്ത്.

3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 11/11/2025 തീയതിയിലെ എ3/1328/2009/ട്രിഡ നമ്പർ കത്ത്.

4. സ.ഉ.(സാധ)നം. 3100/2025/തസ്വഭവ, തീയതി, 30/12/2025.

5. ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് 2025-2026 - ഉപധനാഭ്യർത്ഥന - ഡിമാന്റ് നം. XXII - നഗരവികസനം - ക്രമ നം. (സി).

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ -കുമാരപുരം - പൂന്തി - അണമുഖം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ 329/2009 നമ്പർ കേസിൽ പരാമർശം (1) പ്രകാരം റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ചിരുന്ന 19,99,225/- രൂപ റീക്കുപ്പ് ചെയ്യുന്നതിനും ടി കേസിലെ അവശേഷിക്കുന്ന വിധിക്കടത്തുകയായ 58,897/- രൂപയും ഉൾപ്പടെ ആകെ 20,58,122/- രൂപ (ഇരുപത് ലക്ഷത്തി

അമ്പത്തിയെട്ടായിരത്തി ഒരുന്നൂറ്റി ഇരുപത്തിരണ്ട് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (2), (3) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം ജില്ലാ കളക്ടറും, തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും അഭ്യർത്ഥിക്കുകയുണ്ടായി.

2) തിരുവനന്തപുരം ജില്ലാ കളക്ടറും, തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും ലഭ്യമാക്കിയിട്ടുള്ള പ്രൊപ്പോസൽ പരിശോധിച്ച് എൽ.എ.ആർ 329/2009 നമ്പർ കേസിൽ പരാമർശം (1) പ്രകാരം റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ചിരുന്ന 19,99,225/- രൂപ റീക്രൂപ്പ് ചെയ്യുന്നതിനും ടി കേസിലെ അവശേഷിക്കുന്ന വിധിക്കടത്തുകയായ 58,897/- രൂപയും ഉൾപ്പടെ ആകെ 20,58,122/- രൂപ (ഇരുപത് ലക്ഷത്തി അമ്പത്തിയെട്ടായിരത്തി ഒരുന്നൂറ്റി ഇരുപത്തിരണ്ട് രൂപ മാത്രം) '4217-60-800-93 Payment of Compensation in LAR Cases (Plan-Charged)' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയുണ്ടായി.

3) തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട പരാമർശം (4) ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള എൽ.എ.ആർ.329/2009 നമ്പർ കേസിലെയും മറ്റ് സമാന എൽ.എ.ആർ. കേസുകളിലെയും ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിനായി പരാമർശം (5) ഉപധനാഭ്യർത്ഥന പ്രകാരം 2,80,05,000/- രൂപ '4217-60-800-93 Payment of Compensation in LAR Cases (Plan - Charged)' എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

4) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും ഉപധനാഭ്യർത്ഥനയുടെയും അടിസ്ഥാനത്തിൽ , തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ-കുമാരപുരം-പൂന്തി-അണമുഖം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ ചെറുവക്കൽ വില്ലേജിൽ ബ്ലോക്ക് നം. 11 സർവ്വേ നം. 43-ൽ ഉൾപ്പെട്ട 0.54 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.329/2009 നമ്പർ കേസിൽ റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ചിരുന്ന 19,99,225/- രൂപ (പത്തൊമ്പത് ലക്ഷത്തി തൊണ്ണൂറ്റിയൊമ്പതിനായിരത്തി ഇരുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) '2075-00-800-05' എന്ന ശീർഷകത്തിലേയ്ക്ക് റിക്രൂപ്പ് ചെയ്യുന്നതിനും ടി കേസിലെ ബാലൻസ് വിധിക്കടത്തുകയായ 58,897/-രൂപ (അമ്പത്തിയെട്ടായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിഏഴ് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. ജി. ഹരികുമാറിന് അനുവദിക്കുന്നതിനുമായി ആകെ **20,58,122/- രൂപ (ഇരുപത് ലക്ഷത്തി അമ്പത്തിയെട്ടായിരത്തി ഒരുന്നൂറ്റി ഇരുപത്തിരണ്ട് രൂപ മാത്രം)** '4217-60-800-93 Payment of Compensation in LAR Cases'

എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് പ്രിൻസിപ്പിൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.

ശ്രീ. ജി. ഹരികുമാർ, റ്റി.സി.1/1200(1), ഗംഗാധര ഗാർഡൻസ്, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന)

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.

സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.

ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.+

ധനകാര്യ വകുപ്പ്(WCD-3/3/2026-FIN Dated 24/02/2026)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,

ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ.1/420/2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 16-03-2026 15:56:51

സെക്ഷൻ ഓഫീസർ